പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2840 — 7/12/2018 ൽ മറുപടിക്ക്

## ക്ഷീരകർഷകർക്കായി പുനരധിവാസ പാക്കേജ്

ചോദ്യം — മറുപടി

**ശ്രീ.വി. അബ്ദുറഹിമാൻ:**

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | പ്രളയത്തിൽപ്പെട്ട് കന്നുകാലികൾ നഷ്ടപ്പെട്ട ക്ഷീരകർഷകരെ സഹായിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | എ) | പ്രളയത്തിൽപ്പെട്ട് കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് ദുരന്തനിവാരണ മാനദണ്ഡപ്രകാരം നഷ്ടപരിഹാരം നൽകുന്നതിന്റെ ആദ്യ ഗഡുവായി 29 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ടവർക്ക് കണ്ടിജൻസി ഫണ്ട് ഇനത്തിൽ ക്ഷീര വികസന വകുപ്പ് 24.9 ലക്ഷം രൂപ നൽകുകയും, പ്രളയ സമയത്ത് കാലികൾക്ക് നൽകുന്നതിനായി 28857 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തതിനുള്ള 181 ലക്ഷം രൂപയും വൈക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതി നായി 450 ലക്ഷം രൂപയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു. കൂടാതെ 22 കോടി രൂപയുടെ പ്രത്യേക ഫ്ലഡ് റിലീഫ് റീഹാബിലിറ്റേഷൻ പ്രോഗ്രാം പ്രളയ ബാധിത പ്രദേശങ്ങളിൽ നടപ്പിലാക്കുന്നുണ്ട് |
| ബി) | പ്രളയത്തിൽ ജീവൻ നഷ്ടപ്പെട്ട വളർത്തു മൃഗങ്ങളുടെ കണക്ക് എത്രയാണെന്ന വിവരം ലഭ്യമാക്കുമോ; | ബി) | പ്രളയം മൂലം 5163 പശുക്കൾ, 1228 കിടാരികൾ, 5166 പശുക്കുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ എന്നിവയും 11.43 ലക്ഷം കോഴികളും 4.64 ലക്ഷം താറാവുകളും നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | കഴിഞ്ഞ ഓഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തിൽ ജീവനോപാധികൾ നഷ്ടമായ ക്ഷീരകർഷകർക്കായി എന്തെങ്കിലും പുനരധിവാസ പാക്കേജുകൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ ? | സി) | ജീവനോപാധികൾ നഷ്ടപ്പെട്ട ക്ഷീര കർഷകർക്കായി മൃഗസംരക്ഷണ വകുപ്പ് തയ്യാറാക്കിയ 77 കോടി രൂപയുടെ പുനരധിവാസ പദ്ധതിയിൽ പശു വളർത്തൽ, ആട് വളർത്തൽ, കിടാരി വളർത്തൽ, പന്നി വളർത്തൽ കന്നുകുട്ടി പരിപാലനം, കോഴി വളർത്തൽ, താറാവു വളർത്തൽ കന്നുകാലി ഫാമുകളുടെ യന്ത്രവത്കരണം, തൊഴുത്ത് നിർമ്മാണം, എന്നിവ ഉൾപ്പെടുന്നു. ക്ഷീരവികസന വകുപ്പ് 22 കോടി രൂപയുടെ പ്രത്യേക ഫ്ലഡ് റിലീഫ് റീഹാബിലിറ്റേഷൻ പ്രോഗ്രാം പ്രളയ ബാധിത പ്രദേശങ്ങളിൽ നടപ്പിലാക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ